# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

## 2003 മാർച്ച് 17, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

### 103 (*575) ഹോമിയോ മെഡിക്കൽ കോളേജുകളിൽ പി.ജി.കോഴ്സ് നടത്തുന്നതിന് നടപടി

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. പി. ശങ്കരൻ) നൽകിയ മറുപടിയിൽ, കേരളത്തിലെ ഹോമിയോ മെഡിക്കൽ കോളേജുകളിൽ ഹോമിയോപ്പതി ഫിലോസഫി, മെറ്റീരിയ മെഡിക്ക, റെപ്പർട്ടറി ഹോമിയോപ്പതി. എന്നീ വിഷയങ്ങളിൽ 1984-ലും ഹോമിയോപ്പതിക് ഫാർമസി, പ്രാക്ടീസ് ഓഫ് മെഡിസിൻ, സൈക്യാട്രി, പീഡിയാട്രിക്സ് എന്നീ വിഷയങ്ങളിൽ 4.12.2001-ലും പി.ജി. കോഴ്സ് നടത്തുന്നതിന് സി.സി.എച്ച് അനുമതി നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജുകളിൽ ഹോമിയോപ്പതി ഫിലോസഫി, മെറ്റീരിയ മെഡിക്ക, റെപ്പർട്ടറി ഹോമിയോപ്പതി. എന്നീ വിഷയങ്ങളിൽ പി.ജി. കോഴ്സ് നടത്തിവരുന്നു. ഹോമിയോപ്പതിയുടെ മറ്റു പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് 21.3.2003-ൽ കേരള യൂണിവേഴ്സിറ്റി രജിസ്ട്രാർക്കും 31.12.2002-ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി

രജിസ്ട്രാർക്കും അനുവാദം നൽകിയതനുസരിച്ച് ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനും കോഴ്സുകൾ തുടങ്ങുന്നതിനുമുള്ള ചെലവ് സംബന്ധിച്ച കണക്കുകൾ ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ട്. അത് സമയബന്ധിതമായി നടപ്പാക്കുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. യൂണിവേഴ്സിറ്റിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക്, സി.സി.എച്ച്. നിർദ്ദേശിച്ചിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങളും ടീച്ചിംഗ് ഫാക്കൽറ്റിയും ഉറപ്പാക്കിയശേഷം മാത്രമേ പുതിയ കോഴ്സുകൾ ആരംഭിക്കുകയുള്ളൂ. 2003-2004-ൽ കേരളത്തിലെ ഹോമിയോ മെഡിക്കൽ കോളേജുകളിൽ പ്രാക്ടീസ് ഓഫ് മെഡിസിൻ, ഹോമിയോപ്പതിക് ഫാർമസി എന്നീ വിഷയങ്ങളിൽ പി.ജി.കോഴ്സ് ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. സി.സി.എച്ച്. ഫാക്കൽറ്റികളിൽ യോഗ്യതയുള്ള അദ്ധ്യാപകരെയാണ് നിയമിക്കുന്നത്. ഹോമിയോപ്പതി ഡിപ്ലോമാ ഹോൾഡേഴ്സിനെ പി.ജി. കോഴ്സിന് പരിഗണിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിക്കുന്നതാണ്. ഹോമിയോപ്പതി ഗവേഷണത്തിന് കൂടുതൽ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം സമ്മതിച്ചിട്ടുണ്ട്. കേരളത്തിലെ ഹോമിയോ മെഡിക്കൽ കോളേജുകളുടെ പരാധീനതകൾ പരിഹരിക്കാൻ ശ്രമം നടത്തുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

104 (*576) <u>എയ്ഡ്യ് ബാധിതർക്കും അവരുടെ കുട്ടികൾക്കുമായി അസൈലങ്ങൾ തുടങ്ങാൻ നടപടി</u>

ആരോഗ്യവകുപ്പു മന്ത്രി നൽകിയ മറുപടിയിൽ, എച്ച്.ഐ.വി/ എയ്ഡ്സ് ബാധിതരോ അതുമൂലം അനാഥരായവരോ ആയ കുട്ടികളെ നിലവിലുള്ള സാമൂഹ്യ സംവിധാനത്തിനുള്ളിൽ സംരക്ഷിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് സഭയെ അറിയിച്ചു. കൂടുതൽ ഒറ്റപ്പെടാൻ സാദ്ധ്യതയുള്ളതിനാൽ എച്ച്.ഐ.വി/എയ്ഡ്സ് രോഗ ബാധിതർക്കായി പ്രത്യേക അസൈലങ്ങൾ

സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നില്ല. നിലവിലുള്ള നിരീക്ഷണ സംവിധാനത്തിന്റെ വെളിച്ചത്തിൽ എയ്ഡ്സ് ബാധിച്ച് മാതാപിതാക്കൾ മരിച്ച കുട്ടികളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. ദേശീയ എയ്ഡ്സ് നയത്തിന്റെ പശ്ചാത്തലത്തിൽ എച്ച്.ഐ.വി/എയ്ഡ്സ് ബാധിതരായ മുഴുവൻ ആളുകളേയും പരിശോധനയിലൂടെ കണ്ടുപിടിക്കുന്നതിന് നിലവിലുള്ള നിയമം അനുവദിക്കുന്നില്ല. എയ്ഡ്സ് രോഗ ബാധയെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും രോഗ ബാധ കണ്ടുപിടിക്കുന്നതിനുള്ള ടെസ്റ്റിംഗ് ആന്റ് കൗൺസലിംഗ് നടത്തുന്നതിനും എയ്ഡ്സ് കൺട്രോൾ സൊസൈറ്റികൾ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള അഞ്ച് കൗൺസലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്ററുകളിൽ പത്തു രൂപ ചെലവിൽ പരിശോധന നടത്തുന്നതിന് ആവശ്യമായ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനം കേരളത്തിലെ എല്ലാ ജില്ലാ ആശുപത്രികളിലും ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. മൈഗ്രന്റ് പോപ്പുലേഷൻ കൂടുതലുള്ള സ്ഥലങ്ങളിൽ കൗൺസലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്റേഴ്സ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഈ രോഗത്തെക്കുറിച്ച് തൊഴിലാളികളുടെ ഇടയിൽ അവബോധമുണ്ടാക്കാനുതകുന്ന പദ്ധതികൾ ഐ.എൽ.ഒ.യുടെ സ്കീമിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കൈതക്കുഴിയിൽ എച്ച്.ഐ.വി. ബാധിച്ച രണ്ടു സ്ക്കൂൾ കുട്ടികൾക്ക് വിദ്യാഭ്യാസവും വിദഗ്ദ്ധ ചികിൽസയും സംരക്ഷണവും നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ അറിയിച്ചു. പൊതുപ്രവർത്തകരും സാമൂഹ്യ പ്രവർത്തകരും വാർത്താ മാദ്ധ്യമങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരും യുദ്ധകാലാടിസ്ഥാനത്തിൽ എയ്ഡ്സ്/എച്ച്.ഐ.വി. ബാധയെ കാണണമെന്നും ഗവൺമെന്റും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്നും മുഖ്യമന്ത്രി സഭയെ അറിയിച്ചു. എയ്ഡ്സ്രോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്കുവേണ്ടി മറ്റു രാജ്യങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ട് ദുരുപയോഗപ്പെടുത്തുന്ന എൻ.ജി.ഒ. സംഘടനകൾക്കെതിരെ ശക്തമായ നടപടി

സ്വീകരിക്കുന്നതാണ്. എൻ.ജി.ഒ. സംഘടനകളുടെ പ്രവർത്തനം ആരോഗ്യ വകുപ്പിന് നേരിട്ട് വിലയിരുത്താൻ കഴിയുന്ന വിധത്തിൽ ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ ഒരു സംവിധാനമുണ്ടാക്കാൻ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടാൻ മുൻകയ്യെടുക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു. കൂടുതൽ കേന്ദ്രസഹായം ലഭ്യമാക്കി എയ്ഡ്സ്/എച്ച്.ഐ.വി. രോഗബാധയ്ക്കെതിരെ വ്യാപകമായ പ്രചരണം നടത്തി രോഗികളുടെ എണ്ണം കുറയ്ക്കാൻ സംസ്ഥാനഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

105 (* 577) <u>തടവുകാരുടെ ഭക്ഷണം</u>

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി) നൽകിയ മറുപടിയിൽ, തടവുകാരുടെ ക്ഷേമ പ്രവർത്തനങ്ങളെ ഉദ്ദേശിച്ച് കാലാകാലങ്ങളിൽ രൂപീകരിക്കപ്പെടുന്ന കമ്മിറ്റികളുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ വെളിച്ചത്തിൽ നിശ്ചയിച്ചിട്ടുള്ള ഭക്ഷണമാണ് നൽകിവരുന്നതെന്ന് സഭയെ അറിയിച്ചു. തടവുകാരുടെ പ്രതിദിന ഭക്ഷണത്തിന് നിലവിലുള്ള ''ഡയറ്റ് സ്കെയിൽ'' പുതുക്കുന്നതിനായി 2003-ൽ സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്. തടവുകാരുടെ ഭക്ഷണകാര്യങ്ങൾ പരിശോധിക്കുന്നതിന് തടവുകാരുടെതന്നെ വെൽഫയർ കമ്മിറ്റികളുണ്ട്. ജയിലുകളിൽ ഭക്ഷണം പാകം ചെയ്യുന്ന പഴകിയതും തുരുമ്പിച്ചതുമായ പാത്രങ്ങൾ മാറ്റുന്നതാണ്. തടവുകാരുടെ ഭക്ഷണ സമയത്തിൽ മാറ്റം വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. കൗൺസലിംഗ് സംപ്രദായം എല്ലാ ജയിലുകളിലും വ്യാപകമാക്കുന്നതാണ്. ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഹൈക്കോടതിയുടെ അനുമതിയോടുകൂടി പരോൾ

വ്യവസ്ഥ പുനഃക്രമീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരം

106 (*593) <u>പീപ്പിൾസ് ആക്ഷൻ ഫോർ ഡെവലപ്മെന്റ് കേരളയുടെ പ്രധാന ലക്ഷ്യങ്ങൾ</u>

ഗ്രാമ വികസന വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, പീപ്പിൾസ് ആക്ഷൻ ഫോർ ഡെവലപ്മെന്റ് കേരളയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുവന്നവയാണെന്ന് അറിയിച്ചു:

സന്നദ്ധ സംഘടനാംഗങ്ങൾക്കും ഗ്രാമപ്രദേശങ്ങളിലെ മറ്റുള്ളവർക്കും വിവിധ ഗ്രാമവികസന പരിപാടികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക;

കപ്പാർട്ട് സഹായം ലഭ്യമാക്കാൻ ഉതകുന്ന തരത്തിലുള്ള പ്രോജക്ടുകൾ തയ്യാറാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശങ്ങളും സന്നദ്ധസംഘടനകൾക്ക് നൽകുക, അതോടൊപ്പം സന്നദ്ധ സംഘടനകളിൽ നിന്നും ലഭിക്കുന്ന പ്രോജക്ടുകൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കാൻ കപ്പാർട്ടിലേക്ക് ശുപാർശ ചെയ്യുക;

സന്നദ്ധസംഘടനകൾക്ക് കപ്പാർട്ട് പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമായ പരിശീലനം നൽകുക;

കപ്പാർട്ട് പദ്ധതികളിൽ തുടർ നടപടികൾ സ്വീകരിക്കുക;

ഗ്രാമങ്ങളിൽ സന്നദ്ധസംഘടനകളുടെ രൂപീകരണത്തിനും ശക്തിപ്പെടുത്തലിനും നടപടി സ്വീകരിക്കുക;

സന്നദ്ധ സംഘടനകൾ സന്ദർശിച്ച് ഗ്രാമവികസന പ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കാൻ പ്രയത്നിക്കുക;

ജില്ലകളിലും ബ്ലോക്കുകളിലും സെമിനാറുകൾ, ശില്പശാലകൾ, ബോധവൽക്കരണ ക്യാമ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കുക.

1996–1997 മുതൽ നാളിതുവരെ 9,43,02,520 രൂപയുടെ 188 പ്രോജക്ടുകൾ കപ്പാർട്ട് സഹായത്തിനായി സമർപ്പിച്ചതിൽ 7,03,83,249 രൂപയുടെ 142 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. മഴവെള്ള ശേഖരണം/സംഭരണം എന്നിവയ്ക്കായി

1,06,49,047 രൂപയുടെ 27 പ്രോജക്ടുകൾക്കും മണ്ണിര കമ്പോസ്റ്റിനായി 88,50,155 രൂപയുടെ 28 പ്രോജക്ടുകൾക്കും കപ്പാർട്ട് സഹായം അനുവദിച്ചിട്ടുണ്ട്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

125 (3630) <u>ദേശീയ ചേരി വികസന പദ്ധതി</u>

ദേശീയ ചേരി വികസന പദ്ധതിപ്രകാരം 2001–2002, 2002–2003 (ഇതുവരെ) വർഷങ്ങളിൽ കേന്ദ്ര വിഹിതമായി ലഭിച്ച 1599 ലക്ഷം രൂപയും സർക്കാർ വിഹിതവും ചേർത്ത് 3198 ലക്ഷം രൂപ 7995 വീടുകൾ നിർമ്മിക്കുന്നതിന് അനുവദിച്ചുകഴിഞ്ഞു. നഗരസഭകൾക്ക് അനുവദിക്കുന്ന തുകയുടെ 30 ശതമാനത്തിൽ കുറയാത്ത തുക ഭവനനിർമ്മാണത്തിനായി പ്രയോജനപ്പെടുത്തിവരുന്നു. ഹഡ്കോയിൽനിന്നു കെ.യു.ഡി.എഫ്.സി. വഴി 15000 രൂപ വായ്പയും 5000 രൂപ എൻ.എസ്.ഡി.പി. ഫണ്ടിൽനിന്നും 4000 രൂപ മുനിസിപ്പൽ വിഹിതമായും 2500 രൂപ ഗുണഭോക്തൃ വിഹിതമായും മൊത്തം 26500 രൂപചെലവു വരുന്ന വീടുകളാണ് ഈ പദ്ധതിയിലൂടെ നിർമ്മിക്കുന്നത്.

126 (3676) <u>സമ്പൂർണ്ണ ഗ്രാമീണ തൊഴിൽദാന പദ്ധതി</u>

സമ്പൂർണ്ണ ഗ്രാമീണ തൊഴിൽദാന പദ്ധതിക്ക് കേന്ദ്രത്തിൽനിന്നും 12286.07 ലക്ഷം രൂപ (2003 ഫെബ്രുവരി മാസം വരെ) അനുവദിച്ചിട്ടുണ്ട്.

127 (3681) <u>മാർജിൻ മണി സ്കീം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഖാദി ഗ്രാമ വ്യവസായ ബോർഡ് വഴി മാർജിൻ മണി സ്കീമിൽ 531 വ്യവസായ യൂണിറ്റുകൾക്ക് 18,61,12,767 രൂപ ബാങ്ക് വായ്പയും 7,47,50,023 രൂപ മാർജിൻ മണിയും അനുവദിച്ചിട്ടുണ്ട്.

.......